# പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 23, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**നീതി ആയോഗ് തയ്യാറാക്കിയ കയറ്റുമതി സൂചിക**

*181 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് തയ്യാറാക്കിയ ഏറ്റവും പുതിയ സൂചികയിൽ കേരളം മുൻവർഷത്തേക്കാൾ നില മെച്ചപ്പെടുത്തി 11-ാം സ്ഥാനത്തെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനാലും എന്നാൽ ഈ വർഷം റാങ്കിംഗ് നിർണ്ണയിക്കുന്നതിന് ഉപയോഗിച്ച രീതി മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നതിനാലും ഈ റാങ്ക് മെച്ചപ്പെടുത്തൽ സംസ്ഥാനത്തിന്റെ യഥാർത്ഥ പുരോഗതിയെയാണോ സൂചിപ്പിക്കുന്നതെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കയറ്റുമതി വൈവിധ്യവത്കരണം, മാനവവിഭവ ശേഷി, വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങളിലാണ് നീതി ആയോഗ് ഈ സൂചിക തയ്യാറാക്കിയിരിക്കുന്നതെന്നതിനാൽ ഈ മേഖലകളിൽ കേരളത്തിന്റെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നയപരവും പദ്ധതിപരവുമായ നടപടികൾ എന്തൊക്കെയാണ്;

(സി) വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമിയുടെ കുറവ്, ഉയർന്ന ഉൽപാദനച്ചെലവ്, വൻകിട വ്യവസായങ്ങളുടെ അഭാവം, യുവാക്കളുടെ വിദേശ കുടിയേറ്റം, ജനസംഖ്യയിലെ പ്രായമേറുന്നവരുടെ എണ്ണം, റിസർച്ച് & ഡവലപ്മെന്റിനുള്ള പരിമിതമായ ഊന്നൽ എന്നിവ കേരളത്തിന്റെ പ്രധാന വെല്ലുവിളികളായി നിതി

ആയോഗ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ മറികടക്കാൻ തയ്യാറാക്കിയ ദീർഘകാല പ്രവർത്തന പദ്ധതി എന്താണ്;

(ഡി) നീതി ആയോഗ് സംസ്ഥാനങ്ങളെ ലീഡർ, ചാലഞ്ചർ, ആസ്പയറർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചതിൽ കേരളം ചാലഞ്ചർ വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നതിനാൽ ലീഡർ വിഭാഗത്തിലേക്ക് ഉയരുന്നതിനായി കേന്ദ്ര സർക്കാരുമായി സഹകരിച്ച് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക നടപടികൾ എന്തൊക്കെയാണ്?

## ആഗോള അയ്യപ്പ സംഗമം

*182 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിനായി ശബരിമല ജനറൽ ഫണ്ടിൽ നിന്നും എടുത്ത 2 കോടി രൂപ തിരിച്ചടച്ചിട്ടില്ല എന്ന സ്പെഷ്യൽ കമ്മീഷണർ റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട പരിപാടികളിൽ കൃത്യമായ ജി.എസ്.ടി. ബില്ലുകൾ സമർപ്പിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യമായ ജി.എസ്.ടി. ബില്ലുകൾ സമർപ്പിക്കാത്തതു മൂലം ദേവസ്വം ബോർഡിന് ലക്ഷങ്ങളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

## ജി.എസ്.ടി. ബേസിൽ വർദ്ധനവ്

*183 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം ജി.എസ്.ടി. ബേസിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വ്യാപാരികളുടെ വിവിധ തരം സാമ്പത്തിക ഡാറ്റ വിശകലനം ചെയ്തു കൊണ്ട് സംസ്ഥാനത്തെ ജി.എസ്.ടി. ബേസിൽ വർദ്ധനവ് വരുത്താൻ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

## ഊർജ്ജ കാര്യക്ഷമത

*184 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി.പി. സുമോദ്**

**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഊർജ്ജ കാര്യക്ഷമത സൂചിക പ്രകാരം ഈ സർക്കാർ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; നീതി ആയോഗിന്റെ സ്റ്റേറ്റ് എനർജി & ക്ലൈമറ്റ് ഇൻഡക്സ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഊർജ്ജ രംഗത്തെ പുത്തൻ പ്രവണതകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഊർജ്ജ മേളകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ വർഷം സംഘടിപ്പിച്ച ഊർജ്ജമേള സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>നികുതിചോർച്ച ഒഴിവാക്കാൻ നടപടി</u>

*185 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതി വെട്ടിപ്പുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം തട്ടിപ്പുകൾ കണ്ടെത്തുന്നതിനായി ജി.എസ്.ടി. ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ അടുത്തകാലത്തായി നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) നികുതിചോർച്ച ഒഴിവാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>ദേശീയ വൈദ്യുതി നയം</u>

*186 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വർഷവും വൈദ്യുതി നിരക്ക് തനിയെ പരിഷ്കരിക്കുന്ന സംവിധാനമടക്കം ഉൾപ്പെടുത്തി ദേശീയ വൈദ്യുതിനയത്തിന്റെ കരട് പ്രസിദ്ധീകരിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാണിജ്യ ഉപയോക്താക്കളിൽ നിന്നുള്ള അധിക വരുമാനം കൊണ്ട് കാർഷിക ഗാർഹിക ഉപയോക്താക്കളുടെ നിരക്ക് കുറയ്ക്കുന്ന ക്രോസ് സബ്സിഡി സംവിധാനം ക്രമേണ നിർത്തലാക്കണമെന്ന കരട് നയത്തിലെ നിർദ്ദേശം സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) കരട് നയത്തിലെ ഏതൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന താൽപര്യത്തിന് വിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) കരട് നയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ജി.എസ്.ടി. നിരക്ക് പരിഷ്കരണം

*187 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം രാജ്യത്ത് ചരക്ക് സേവന നികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ സംസ്ഥാനത്തിന് ജി.എസ്.ടി. പിരിവ് ഇനത്തിൽ പ്രതീക്ഷിച്ചതിലും കുറവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നിരക്ക് പരിഷ്കരണം സംസ്ഥാനത്തിന് ഗുണകരമായിരുന്നോ; വ്യക്തമാക്കുമോ; ജി.എസ്.ടി. നിരക്ക് പരിഷ്കരിച്ചെങ്കിലും കൂടുതൽ കാലം ഇതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിച്ചില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

## പമ്പ്ഡ് സ്റ്റോറേജ് നയരൂപീകരണം

*188 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനത്തിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഉല്പാദനം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി നഷ്ടം ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട് ഏതെല്ലാം പദ്ധതികൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണന നൽകി വരുന്നുണ്ടോ; വിശദമാക്കുമോ;

(സി) പമ്പ്ഡ് സ്റ്റോറേജ് നയരൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് പി.എസ്.പി. (പമ്പ്ഡ് സ്റ്റോറേജ് പ്രോജക്ട്) നടപ്പാക്കുവാൻ പരിഗണിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ?

## ആഗോള അയ്യപ്പ സംഗമം

*189 **ശ്രീമതി കെ. കെ. രമ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന്റെ സ്പോൺസർഷിപ്പ് തുക ദേവസ്വം ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ആഗോള അയ്യപ്പ സംഗമത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനായി ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ചിരുന്നോ;

(സി) ആഗോള അയ്യപ്പ സംഗമത്തിന്റെ സ്പോൺസർഷിപ്പ് തുക ലഭ്യമായതിനെ തുടർന്ന് ഈ തുക ദേവസ്വം ബോർഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## നെൽകർഷകർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ

*190 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടെന്നും ഇതിനായി നിലവിൽ ധനകാര്യവകുപ്പ് അനുവദിച്ച തുകയെത്രയെന്നും വിശദമാക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷത്തേക്കായി കാർഷിക മേഖലയ്ക്ക് സംസ്ഥാന ബജറ്റിൽ നീക്കിവെച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ; കാർഷിക മേഖലയ്ക്കായി കേന്ദ്രബജറ്റിൽ വന്നിട്ടുള്ള വർദ്ധനവ്, വിലക്കയറ്റം കൂടി കണക്കിലെടുക്കുമ്പോൾ പ്രസക്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നെൽകർഷകർക്കായി സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് നിർത്തലാക്കണമെന്ന് കേന്ദ്ര ധനമന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം സംസ്ഥാനത്തുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) ഇന്ത്യ-യു.എസ്. വ്യാപാര കരാർ രാജ്യത്തെ കാർഷിക രംഗത്തെ ഉല്പാദനം മരവിപ്പിക്കുന്നതിന് വഴിതെളിക്കുന്നതായി കരുതുന്നുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത തീരുമാനം പുന:പരിശോധിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>പദ്ധതി ചെലവിന്റെ നിലവിലെ പുരോഗതി</u>

*191 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പദ്ധതി അടങ്കലിൽ സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; പദ്ധതി ചെലവിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും പദ്ധതി ചെലവിൽ പ്രതീക്ഷിച്ച പുരോഗതിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ലോക സാമ്പത്തിക ഫോറത്തിൽ നിന്നുള്ള നിക്ഷേപ വാഗ്ദാനങ്ങൾ</u>

*192 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ലോക സാമ്പത്തിക ഫോറത്തിൽ നിന്നും നിക്ഷേപ താത്പര്യപത്രങ്ങൾ സമാഹരിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ലോകരാജ്യങ്ങൾക്കിടയിൽ സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദാന്തരീക്ഷം പരിചയപ്പെടുത്തുന്നതിന് സർക്കാർ നടത്തുന്ന ഇടപെടലുകൾ ഇതിന് സഹായകമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഏതൊക്കെ മേഖലകളിൽ നിക്ഷേപം നടത്തുന്നതിനാണ് കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കേരളം നിക്ഷേപ സൗഹൃദമല്ലെന്ന പ്രചരണം വസ്തുതാപരമല്ലെന്ന് മനസ്സിലാക്കി സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറായിട്ടുള്ള വൻകിട നിക്ഷേപകരുടെ വിവരങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## <u>തുറമുഖങ്ങളുടെ വികസനത്തിനായുള്ള പദ്ധതികൾ</u>

*193 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ വി ജോയി**
**ശ്രീ. എച്ച്. സലാം**

**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കണ്ണൂർ അഴീക്കൽ തുറമുഖനിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളുടെ ഭാഗമായി ലഭ്യമായിട്ടുള്ള അധികഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും ഈ ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ചെലവഴിച്ച തുകയെത്ര; വിശദാംശം നൽകുമോ;

(ഇ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസന പ്രവർത്തനത്തിനായി കേന്ദ്രസർക്കാർ തുക ചെലവഴിക്കുന്നുണ്ടോ; അറിയിക്കാമോ?

## <u>വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രബജറ്റിൽ ഉൾക്കൊളളിച്ചിട്ടുളള പദ്ധതികൾ</u>

*194 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബജറ്റിന് മുന്നോടിയായി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന് മുമ്പിൽ അവതരിപ്പിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വയനാട് പുനരധിവാസമുൾപ്പെടെയുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന സാമ്പത്തിക പാക്കേജ് അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; ഈയിനത്തിൽ സംസ്ഥാനം നടപ്പാക്കിയിട്ടുള്ള വൻകിട പദ്ധതികൾക്ക് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നതിനുപുറമെ ബജറ്റിലും അർഹതപ്പെട്ടത് അനുവദിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ നടപടി</u>

*195 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട വിവിധ സേവനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിശ്ചിത സമയപരിധി പാലിക്കാൻ കഴിയാത്തപക്ഷം ഉപഭോക്താവിന് നഷ്ടപരിഹാരം നൽകാൻ ആലോചിക്കുന്നുണ്ടോ;

(സി) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി.-യെ ജനകീയമാക്കാൻ നടപടി</u>**

*196 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യെ കൂടുതൽ ജനകീയമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മസ്ദൂർ ഉൾപ്പെടെ താഴ്ന്ന വിഭാഗം ജീവനക്കാരെ ആവശ്യത്തിന് നിയമിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഫ്യൂസ് ഊരുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഒഴിവാക്കി, മൂന്ന് നോട്ടീസുകൾ വരെ നൽകിയതിന് ശേഷം മാത്രം കടുത്ത നടപടികളിലേക്ക് കടക്കാൻ നിർദ്ദേശം നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**<u>ബ്രാൻഡിംഗ് പദ്ധതി</u>**

*197 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ വിപണി സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കി വരുന്ന ബ്രാൻഡിംഗ് പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന കോപ്-മാർട്ടുകൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ വിപണിയിലേയ്ക്ക് എത്തുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ സർട്ടിഫിക്കേഷനുകളാണ് നിലവിൽ നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിലൂടെ സഹകരണ രംഗത്തെ ഉല്പന്നങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ വിപണി കണ്ടെത്തുവാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കാമോ?

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

*198 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വികസന മേഖലയിൽ സംസ്ഥാന സർക്കാർ നടത്തുന്ന ഏറ്റവും വലിയ മൂലധനനിക്ഷേപമായി വിഴിഞ്ഞം തുറമുഖ പദ്ധതി ഇതിനോടകം മാറിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ എന്നിവ വഴിയുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) വിഴിഞ്ഞം പദ്ധതിയുടെ തുടർച്ചയായി റയിൽവേപ്പാലം, തുരങ്ക പാത, റോഡുകൾ എന്നിവ ദ്രുതഗതിയിൽ പൂർത്തിയാകുന്നതോടെ ചരക്ക് ഗതാഗത മേഖലയിൽ വലിയ വളർച്ച പ്രതീക്ഷിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഇതിലൂടെ വിഴിഞ്ഞം ജനതയുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും എത്രമാത്രം അഭിവൃദ്ധിപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; തീരദേശ മേഖലയിലെ യുവജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ തുറന്നിടുന്ന വലിയ കേന്ദ്രമായി അസാപിന്റെ ആഭിമുഖ്യത്തിലുള്ള വിഴിഞ്ഞം സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഇന്ത്യ-അമേരിക്ക വ്യാപാര കരാർ**

*199 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ-അമേരിക്ക വ്യാപാര കരാർ സംസ്ഥാനത്തെ കയറ്റുമതി രംഗത്ത് ഉളവാക്കിയിട്ടുള്ള സവിശേഷ സാഹചര്യം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കരാറിന്റെ ഫലമായി അമേരിക്കയിൽ നിന്നും ഇന്ത്യയിലേക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി വിഭവങ്ങൾ വിപണിയിലെത്തുന്നത് സംസ്ഥാനത്തുനിന്നുള്ള സംരംഭങ്ങളെ ഏതുരീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) കരാറുമായി ബന്ധപ്പെട്ട് പൊതുമണ്ഡലത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്ത് പൊതുവായും കേരളത്തിൽ പ്രത്യേകിച്ചും വ്യാപാര രംഗത്ത് വളർച്ചാ മാന്ദ്യം നേരിടുമെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) മേൽപ്പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട് സംരംഭകർക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഡിഫെൻസ് കോറിഡോർ**

*200 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജ്യസുരക്ഷയ്ക്കും പ്രതിരോധമേഖലയ്ക്കും ആവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ കണക്കിലെടുക്കുമ്പോൾ ഈ രംഗത്ത് കെൽട്രോൺ നേടിയിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കോർത്തിണക്കുന്നതിനും ഇവ തമ്മിലുള്ള സഹകരണം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഡിഫെൻസ് ടെക്നോളജി ഇന്നൊവേഷൻ ഹബ്ബ് രൂപീകരണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഇന്നൊവേഷൻ ഹബ്ബിനെ അടുത്ത ഘട്ടത്തിൽ ഒരു പ്രതിരോധ ഇടനാഴിയായി വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; അറിയിക്കുമോ?

**വിഴിഞ്ഞം തുറമുഖം-രണ്ടാം ഘട്ടം**

*201 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി തുറമുഖത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ; വിശദാംശം നൽകാമോ;

(സി) രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ നിശ്ചയിക്കപ്പെട്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നുണ്ടോ; അറിയിക്കുമോ;

(ഡി) രണ്ടാം ഘട്ട വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി തുറമുഖ പ്രവർത്തനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെ; വിശദീകരിക്കാമോ?

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ

*202 **ശ്രീമതി ഒ എസ് അംബിക**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പാദനക്ഷമതയും ഉല്പന്നങ്ങളുടെ വിപണിസാധ്യതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന റാമ്പ് പദ്ധതിയിലൂടെ സെക്ടർ സ്പെസിഫിക് ട്രെയിനിംഗ് പരിപാടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലയിലാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്; വിശദമാക്കാമോ;

(സി) എം. എസ്. എം. ഇ. മേഖലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ഫലമായി ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## പാരമ്പര്യേതര സ്രോതസ്സുകളിലൂടെയുള്ള ഊർജ്ജോല്പാദനം

*203 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി രംഗത്ത് നടപ്പാക്കിയ സമഗ്രപരിഷ്കരണങ്ങളുടെ ഭാഗമായി പാരമ്പര്യേതര സ്രോതസ്സുകളിലൂടെയുള്ള ഊർജ്ജോല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2016-ൽ സൗരോർജ്ജ പദ്ധതികളുടെ ആകെ സ്ഥാപിതശേഷി എത്രയായിരുന്നുവെന്നും നിലവിൽ എത്രയായി ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) നിലവിൽ സോളാർ പാർക്കുകൾ തൃപ്തികരമായ രീതിയിൽ വൈദ്യുതി ഉത്പാദനം കൈവരിക്കുന്നുണ്ടോ; പ്രസ്തുത പാർക്കുകൾ കൂടുതൽ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

## വരുമാന നഷ്ടം നികത്തുന്നതിന് സംവിധാനം

*204 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക രംഗത്ത് രാജ്യത്ത് പൊതുവിലും സംസ്ഥാനത്തിന് പ്രത്യേകിച്ചും ഗുണകരമല്ലാത്തതും ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്തതുമായ ഏതെല്ലാം പരിഷ്കാരങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ളത്; വിശദീകരിക്കാമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയതിലൂടെ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിന് പ്രത്യേക സംവിധാനം നേരത്തെ ഉണ്ടായിരുന്നോ; നിലവിൽ കേരളത്തിന് ഈയിനത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം പുന:സ്ഥാപിക്കണമെന്ന ആവശ്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വിഭവ കൈമാറ്റത്തിനായി ഓരോ സംസ്ഥാനത്തോടും വ്യത്യസ്ത സമീപനം കേന്ദ്ര സർക്കാർ പുലർത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കേരളത്തെ സംബന്ധിച്ച് എത്രത്തോളം ദോഷകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## സംസ്ഥാനത്ത് ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ

*205 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുനരുപയോഗ ഊർജ്ജോത്പാദനത്തിൽ ഒരു പുത്തൻ മാതൃകയെന്ന നിലയിൽ സർക്കാർ പരിഗണിക്കുന്ന ഹൈഡ്രജൻ ഫ്യൂവൽ എന്ന ആശയം പ്രാവർത്തികമാക്കുന്നതിൽ എത്രത്തോളം പുരോഗതി നേടിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഹൈഡ്രജൻ ക്ലസ്റ്ററുകൾ പ്രാഥമികമായി ഏതൊക്കെ മേഖലകൾക്ക് ഗുണകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ?

## ആഗോള അയ്യപ്പ സംഗമം

*206 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന്റെ ഇവന്റ് നടത്തിപ്പിനായി തെരഞ്ഞെടുത്തത് ഏത് സ്ഥാപനത്തെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിന് ടെൻഡർ പ്രകാരമാണോ കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ടെൻഡർ ഇല്ലാതെ പ്രസ്തുത സ്ഥാപനത്തിന് കരാർ നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം, ഓഡിറ്റിനായി ആവശ്യമായ ബില്ലുകളും ഉപകരാർ വിവരങ്ങളും നൽകിയിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ

*207 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വിവിധ വകുപ്പ് സെക്രട്ടറിമാർ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിൽ സർക്കാർ അംഗീകരിച്ചവ ഏതെല്ലാമാണ്; വിശദമാക്കാമോ?

## ശമ്പള പരിഷ്കരണത്തിനു കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുവാൻ നടപടി

*208 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും ഡി.എ.യും നൽകുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) നോട്ട് നിരോധനം, കോവിഡ് മഹാമാരി എന്നിവ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ തകർത്തതായി വിലയിരുത്തുന്നുണ്ടോ;

(സി) പ്രസ്തുത സാഹചര്യത്തിലും ശമ്പള പരിഷ്കരണവും ഡി.എ.കുടിശ്ശികകളും വിതരണം ചെയ്യുവാൻ തീരുമാനിക്കുമ്പോൾ കേന്ദ്രം നൽകേണ്ട ഫണ്ടുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ചാർജ്ജിനത്തിലുണ്ടായ വർദ്ധനവ്

*209 **ശ്രീ. കെ. ആൻസലൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 മുതൽ 2016 വരെയുള്ള അഞ്ച് വർഷ കാലയളവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിനു ശേഷം നാളിതുവരെ വൈദ്യുതി ചാർജ്ജിനത്തിലുണ്ടായ വർദ്ധനവ് എത്രയാണ്; വിശദമാക്കാമോ;

(സി) 2011-2016 കാലയളവിൽ വരുത്തിയിട്ടുള്ള നിരക്ക് വർദ്ധനയെക്കാൾ കുറഞ്ഞ നിരക്ക് തുടർന്നുള്ള ഒൻപത് വർഷക്കാലവും നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഉല്പാദനച്ചെലവിലെ വർദ്ധനവും വൈദ്യുതി വാങ്ങൽ ചെലവിലെ വർദ്ധനവും കേന്ദ്ര നിയമങ്ങളിലെ പരിഷ്കാരങ്ങളും കാരണം അനിവാര്യമായ നിരക്ക് വർദ്ധന കഴിഞ്ഞ പത്ത് വർഷക്കാലവും ഒരു പരിധിക്കപ്പുറം കടക്കാത്ത നിലയിൽ പിടിച്ചുനിർത്തുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നത് തടയുന്നതിന് സഹായകമായ ഏതെല്ലാം പരിഷ്കാരങ്ങളും പ്രവർത്തനങ്ങളുമാണ് ഈ രംഗത്ത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

## <u>വ്യവസായ മേഖലയിലെ വികസന പ്രവൃത്തികൾ</u>

*210 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം, ഉയർന്ന തൊഴിൽ സാധ്യത എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ വൈദ്യുതി, ജലലഭ്യത, റോഡുകൾ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഉറപ്പാക്കിയിട്ടുണ്ടോ; ജലലഭ്യതയ്ക്കായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രത്യേക ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ ഗതാഗത രംഗത്ത് മെച്ചപ്പെട്ട നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യവസായ മേഖലകളോട് ചേർന്ന് റെയിൽവേ സൗകര്യത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളെ നവീകരിക്കുന്നതിനാവശ്യമായ ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങൾ വ്യവസായ പാർക്കുകളിൽ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ഫെബ്രുവരി 15, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].